**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** **10-02-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. പി. ഉബൈദുള്ള , പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ നിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്ന് നിഷ്കർഷിക്കുക യുണ്ടായി. ഇത് ഉറപ്പാക്കുന്നതിനായി Department of Economic Affairs (DEA) ഉം സംസ്ഥാന സർക്കാരും തമ്മിൽ ഒരു Premium Sharing Agreement-ൽ ഏർപ്പെടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.<br><br>പദ്ധതിയെ VGF സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ അംഗീകാരത്തിനുള്ള DEA-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവച്ച Premium Sharing Agreement പ്രകാരം വരുമാന വിഹിതത്തിന്റെ 20% തുക ചുവടെപ്പറയുന്ന നിബന്ധനകളിൽ ആദ്യം പൂർത്തിയാകുന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് തിരിച്ച് നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.<br><br>a) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് NPV വ്യവസ്ഥയിൽ തിരിച്ചടയ്ക്കണം.<br><br>OR<br><br>b) കൺസഷൻ കരാർ അവസാനിക്കുന്നത് വരെയോ, ഏതെങ്കിലും കാരണത്താൽ കരാർ റദ്ദായാൽ, റദ്ദാകുന്ന കാലയളവ് വരെയോ തിരിച്ചടയ്ക്കണം.<br><br>OR |

| | | | |
|---|---|---|---|
| | | | c) Appointed Date മുതൽ 60 വർഷം പൂർത്തിയാകുന്നതുവരെ എല്ലാ വർഷവും കേരള സർക്കാർ കേന്ദ്ര സർക്കാരിന് തിരിച്ചടവ് നടത്തേണ്ടതാണ്. |
| (ബി) | പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിന് തുറമുഖത്തിൽ നിന്നും ലഭിക്കുന്ന വരുമാനം കേന്ദ്ര സർക്കാരുമായി പങ്കിടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | കേന്ദ്ര സർക്കാർ പദ്ധതിക്ക് നൽകുന്ന VGF തുക, സംസ്ഥാന സർക്കാരിന് തുറമുഖ പ്രവർത്തനത്തിൽ നിന്നും 2035 മുതൽ ലഭിക്കുന്ന വരുമാന വിഹിതത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ കേന്ദ്ര സർക്കാരിന് തിരിച്ചടവായി 60 വർഷത്തെ കൺസെഷൻ കാലയളവിലുടനീളം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പദ്ധതിക്ക് VGF സ്കീമിൽ അന്തിമ അംഗീകാരം നൽകുന്നതിനായി DEA വിലയിരുത്തുന്ന ഘട്ടത്തിൽ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചുകൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ DEA-ക്ക് 03-07-2019-ന് കത്ത് നല്കിയിരുന്നു. കൂടാതെ, പദ്ധതിയെ വിലയിരുത്തുന്ന DEA-യുടെ കീഴിലുള്ള Empowered Institution-ന്റെ 24-11-2020 ൽ നടന്ന യോഗത്തിലും, Empowered Committee-യുടെ 27-06-2022, 27-07-2024 തീയതികളിൽ നടന്ന യോഗങ്ങളിലും VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചു കൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.<br><br>കൂടാതെ, VGF-ന്റെ തിരിച്ചടവ് നിഷ്കർഷിച്ചു കൊണ്ടുള്ള നിബന്ധന ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു: മുഖ്യമന്ത്രി കേന്ദ്ര ധനമന്ത്രിക്ക് 23-10-2024-നും പ്രധാന മന്ത്രിക്ക് 10-12-2024-നും കത്തുകൾ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ